സർക്കാരിൽ നിന്നും ലഭിക്കുന്ന ഭരണാനുമതി പ്രകാരം മലയോര വികസന ഏജൻസിയാണ് പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നത്. പ്രവർത്തികളുടെ സാങ്കേതികാനുമതി പ്രവർത്തികൾ അനുവദിച്ച ബ്ലോക്കുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ് നൽകുന്നത്. പ്രവർത്തികൾ ഗുണഭോക്തൃ കമ്മിറ്റികൾ മുഖേനയും 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള നബാർഡ് ആർ.ഐ.ഡി.എഫ് പ്രവർത്തികൾ ടെണ്ടർ മുഖേനയുമാണ് നടപ്പിലാക്കുന്നത്. പദ്ധതികളുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കാണ്.

(സി) രൂപീകരിച്ച വർഷം മുതൽ ഓരോ സാമ്പത്തികവർഷവും എത്ര തുക വീതമാണ് ഏജൻസിക്ക് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത തുക ഏതൊക്കെ പദ്ധതികൾക്കായാണ് അനുവദിച്ചിട്ടുള്ളത് എന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) മലയോര വികസന ഏജൻസി രൂപീകരിച്ചതിനുശേഷം ഓരോ വർഷവും മലയോര വികസന പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക അനുബന്ധം 2 ആയി ചേർക്കുന്നു.

(ഡി) പത്തനംതിട്ട ജില്ലയിൽ 2014-15 വർഷത്തിൽ നടപ്പാക്കാനായി അംഗീകാരം ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് പേരും തുകയും സഹിതം വ്യക്തമാക്കാമോ;

(ഡി) **പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജക മണ്ഡലത്തിലെ അരുവാപ്പുലം, സീതത്തോട് എന്നീ പഞ്ചായത്തുകൾ മാത്രമേ മലയോര വികസന ഏജൻസിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്നുള്ളു.**

**പദ്ധതികളുടെ പേരും അനുവദിച്ച തുകയും ഇപ്പോഴത്തെ അവസ്ഥയും താഴെ കൊടുക്കുന്നു.**

**1. ഞാറയ്ക്കൽപടി - മാണിക്കോടിക്കൽ പടി റോഡ് (അരുവാപ്പുലംഗ്രാമ പഞ്ചായത്ത്) - 10.00 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.**

**2. ഗുരുനാഥൻ മണ്ണ് - കുന്നം റോഡ് (സീതത്തോട് ഗ്രാമ പഞ്ചായത്ത്) - 10.00 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.**

